(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്.

(ബി) എല്ലാ ഗ്രാമീണ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുക, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജനവഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതിയും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളും അവലോകനം ചെയ്യുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതലത്തിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ജില്ലാതലത്തിലും രൂപീകരിക്കപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റികൾ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്ത് തുടർനടപടികൾ നിർദ്ദേശിച്ചിരുന്നു.

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ

68 (2269) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) നടപ്പിലാക്കിയ പ്രവൃത്തികളും ചെലവായ തുകയും സംബന്ധിച്ച വിശദാംശങ്ങൾ താഴെ നൽകുന്നു:

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തിയുടെ പേര്	പദ്ധതി		ചെലവായ തുക (ലക്ഷം രൂപയിൽ)	
	നോർമൽ ഡെവലപ്മെന്റ് ഫണ്ട്	RGGVY	നോർമൽ ഡവലപ്മെന്റ് ഫണ്ട്	RGGVY
11 കെ.വി. ലൈൻ നിർമ്മാണം	83.87 കി.മീ		414.38	
ട്രാൻസ്ഫോർമർ	91 എണ്ണം		209.84	
എൽ.റ്റി. ലൈൻ	3.893 കി.മീ	9.827 കി.മീ	8.96	22.6
കൺവേർഷൻ	183.117 കി.മീ		242.86	
സർവ്വീസ് കണക്ഷൻ	10056 എണ്ണം	295 എണ്ണം	186.03	5.46

പാരമ്പര്യേതര വൈദ്യുതി ഉല്പാദനം

69(2270) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാരമ്പര്യേതര വൈദ്യുതി ഉൽപ്പാദന പദ്ധതിയനുസരിച്ച് ഈ സർക്കാരിന്റെ കാലയളവിൽ ലക്ഷ്യമിട്ട ഉൽപ്പാദനം സാദ്ധ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

പൂർണ്ണമായും സാധിച്ചിട്ടില്ല. പദ്ധതികൾ പുരോഗമിക്കുകയാണ്.

- 10 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് 2012-13-ൽ അനെർട്ട് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന 10000 സൗരഗൃഹ പദ്ധതിയിൽ നിലവിൽ 8 മെഗാവാട്ടിലധികം പവർപ്ലാന്റുകൾ സ്ഥാപിച്ച് ഉല്പാദനം നടത്താൻ സാധിച്ചിട്ടുണ്ട്. തുടർന്നും പുരോഗമിക്കുന്ന ഈ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് 10 മെഗാവാട്ട് എന്ന ലക്ഷ്യം കൈവരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.
- 12 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് 2014-15-ൽ ആരംഭിച്ച സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ 3 മെഗാവാട്ട് പവർപ്ലാന്റുകൾക്ക് പ്രതിഷ്ഠാപനത്തിനുള്ള അന്തിമ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമന പാതയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly